**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3389** **19.06.19 ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ), (ബി) & (സി) | 10.03.2019 ലെ ജി.ഒ.(എംഎസ്)24/ 2019/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധ പ്പെടുത്തിയിട്ടുണ്ട്. 2020 ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും, 1000 ചരക്ക് വാഹനങ്ങളും, 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022 ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്ന തിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിന കത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനി കളുമായി പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസന്റീവുകളും നൽകുന്ന തിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനേ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനു വേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ എസ് ഇ ബി അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത |
| (ബി) | പരിസ്ഥിതി സംരക്ഷണത്തിന് അനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | കൂടുതൽ ഉപഭോക്താക്കളെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സബ്സിഡിയോ നികുതി ഇളവോ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br>വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശ ത്തോടെ ഒരു വാഹന എക്സ്പോ "Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വെച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോ യിൽ ഇന്ത്യ ക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**